2023
NOVEMBER
21
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ടൂറിസ്റ്റ് ബസുകളെ തടയാൻ വിസമ്മതിച്ച് ഹൈക്കോടതി

### കേന്ദ്ര ചട്ടത്തെ കെഎസ്ആർടിസിക്ക് തടയാനാകില്ല കോടതി

**കൊച്ചി :** ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് ബസുകൾ ദേശസാത്കൃത റൂട്ടുകളിൽ യാത്രക്കാരെ ഇടയ്ക്കു സ്റ്റോപ്പുകളിൽ കയറ്റിയും ഇറക്കിയും സർവീസ് നടത്തുന്നതു തടയണമെന്ന കെഎസ്ആർടിസിയുടെ ഇടക്കാല ആവശ്യം ഹൈക്കോടതി അനുവദിച്ചില്ല. ഓൾ ഇന്ത്യ ടൂറിസ്റ്റ് വെഹിക്കിൾസ് (പെർമിറ്റ്) ചട്ടം 2023 ലെ ചില വ്യവസ്ഥകൾ ചോദ്യം ചെയ്യുന്ന ഹർജിയാണു ജസ്റ്റിസ് ദിനേശ്കുമാർ സിങ് പരിഗണിച്ചത്. കേന്ദ്ര സർക്കാരിന്റെ വിശദീകരണത്തിനായി ഹർജി രണ്ടാഴ്ച കഴിഞ്ഞു പരിഗണിക്കാൻ മാറ്റി. ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് എടുത്ത റോബിൻ ബസ് പത്തനംതിട്ട കോയമ്പത്തൂർ സർവീസ് നടത്തുന്നതു തടയാൻ മോട്ടർ വാഹന വകുപ്പ് നിരന്തരം ശ്രമിക്കുന്നതിനിടെയാണ് കെഎസ്ആർടിസി ഹൈക്കോടതിയെ സമീപിച്ചത്.

സർക്കാർ നിശ്ചയിക്കുന്ന നിരക്കോ അംഗീകൃത സമയക്രമമോ ഷെഡ്യൂളോ ഇല്ലാതെ ടൂറിസ്റ്റ് വാഹനങ്ങൾ സർവീസ് നടത്തുന്നത് മോട്ടർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമാണെന്നു കെഎസ്ആർടിസി ചൂണ്ടിക്കാട്ടി. യാത്രക്കാർ ബുക്ക് ചെയ്യുകയും അവരുടെ പട്ടിക ഡ്രൈവറുടെ കൈവശമുണ്ടാകുകയും ചെയ്താൽ എങ്ങനെയാണ് നിയമലംഘനമുണ്ടാകുകയെന്നു കോടതി വാക്കാൽ ചോദിച്ചു. കേന്ദ്ര ചട്ടത്തെ കെഎസ്ആർടിസിക്ക് എങ്ങനെ ചോദ്യം ചെയ്യാനാകുമെന്നും കോടതി പറഞ്ഞു.

## ലോകകപ്പ് ഫൈനൽ തലേന്ന് വിമാനയാത്രികരുടെ എണ്ണത്തിൽ റെക്കോഡ്

**കൊച്ചി:** ലോകകപ്പ് ഫൈനലിൻറെ തലേദിവസമായ ശനിയാഴ്ച ആഭ്യന്തര വിമാന യാത്രക്കാരുടെ എണ്ണത്തിൽ റെക്കോഡ് കുതിപ്പ്. 4.6 ലക്ഷം പേരാണ് അന്നേ ദിനം യാത്ര ചെയ്തതെന്ന് കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു.

വിമാന കമ്പനികൾ നിരക്ക് ഉയർത്തിയതിനെ തുടർന്ന് ഉത്സവ സീസണിൽ പ്രതീക്ഷിച്ചത്ര യാത്രക്കാർ ഉണ്ടായിരുന്നില്ല. എന്നാൽ ഈ കുറവ് നികത്തി റെക്കോഡ് നേട്ടത്തിലാണ് ശനിയാഴ്ച ആഭ്യന്തര വിമാന യാത്രക്കാരുടെ എണ്ണമെത്തിയത്. മുംബൈ വിമാനത്താവളത്തിൽ മാത്രം ഒറ്റ ദിവസം കൊണ്ട് സഞ്ചരിച്ചത് 1.61 ലക്ഷം യാത്രക്കാരാണ്. ഉത്സവ സീസൺ കഴിഞ്ഞതോടെ റിട്ടേൺ ട്രാഫിക് കൂടിയതും ലോകകപ്പ് ക്രിക്കറ്റ് കണാൻ ആളുകളെത്തിയതുമാണ് ശനിയാഴ്ച ആഭ്യന്തര വിമാന യാത്രക്കാർ വർധിക്കാൻ കാരണമായതെന്ന് വിദഗ്ധർ പറയുന്നു.

2023 ഒക്റ്റോബറിൽ 1.26 കോടി യാത്രക്കാരാണ് വിമാനത്തിൽ പറന്നത്. 2022 ഒക്റ്റോബറിൽ 1.14 കോടി ആളുകളാണ് വിമാനയാത്ര നടത്തിയത്. 2023 സെപ്റ്റംബറിൽ 1.22 കോടി യാത്രക്കാരും വിമാനത്തിൽ പറന്നു. 79.07 ലക്ഷം പാസഞ്ചേഴ്സുമായി പറന്ന ഇൻഡിഗോയാണ് ഒന്നാം സ്ഥാനത്തുള്ളത്. ആഭ്യന്തര വിമാനയാത്രക്കാരുടെ എണ്ണത്തിൻറെ കാര്യത്തിൽ ഒക്റ്റോബറിൽ ഇവരുടെ വിപണി വിഹിതം 62.6 ശതമാനമാണ്. എന്നാൽ ഇൻഡിഗോയുടെ സെപ്റ്റംബറിലെ വിപണി വിഹിതം 63.4 ശതമാനമായിരുന്നു. ഒക്റ്റോബറിൽ എയർ ഇന്ത്യയുടെ ആഭ്യന്തര വിപണി വിഹിതം സെപ്റ്റംബറിലെ 9.8 ശതമാനത്തിൽ നിന്ന് 10.5 ശതമാനമായി ഉയർന്നപ്പോൾ വിസ്താര, എയർ ഏഷ്യ ഇന്ത്യ എന്നിവ ഒക്റ്റോബറിൽ യഥാക്രമം 9.7%, 6.6% ആയി കുറഞ്ഞു. സ്പൈസ് ജെറ്റിൻറെ വിപണി വിഹിതം സെപ്റ്റംബറിലെ 4.4 ശതമാനത്തിൽ നിന്ന് ഒക്റ്റോബറിൽ 5 ശതമാനമായി വളർന്നപ്പോൾ ആകാശ എയറിൻറേത് 4.2 ശതമാനത്തിൽ തന്നെ മാറ്റമില്ലാതെ തുടർന്നു.

# ഡോളറിൻെറ മൂല്യം ഇടിയുന്നു

### ആഗോള നാണയമായി ഇന്ത്യൻ രൂപയെ മാറ്റാനുള്ള റിസർവ് ബാങ്കിൻെറ ശ്രമങ്ങൾ സാവധാനത്തിൽ വിജയം

**കൊച്ചി:** ലോകമെമ്പാടും നാണയപ്പെരുപ്പ ഭീഷണി ഒഴിവാകുന്നതിനാൽ ധന നിയന്ത്രണങ്ങളിൽ ഇളവുണ്ടായേക്കുമെന്ന പ്രതീക്ഷ ഡോളറിന് വിനയാകുന്നു. തിങ്കളാഴ്ചത്തെ വിനിമയ നിരക്കനുസരിച്ച് ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളറിൻറെ മൂല്യം രണ്ടു മാസത്തെ താഴ്ന്ന നിരക്കിലെത്തി. വിലക്കയറ്റ ഭീതി ഒഴിവായതിനാൽ അമെരിക്കയിലെ ഫെഡറൽ റിസർവ് അടുത്ത വർഷമാദ്യം പലിശ നിരക്കുകളിൽ കുറവു വരുത്തിയേക്കുമെന്ന പ്രതീക്ഷയിൽ നിക്ഷേപകർ ഡോളർ വിറ്റുമാറുകയാണ്.



ഇന്ത്യയും ചൈനയും മുതൽ ലാറ്റിൻ അമെരിക്കൻ രാജ്യങ്ങളും അറബ്, ആഫ്രിക്കൻ രാജ്യങ്ങളും വരെ ഡോളർ ഉപയോഗിച്ചുള്ള വ്യാപാരങ്ങൾക്ക് ബദൽ മാർഗം തേടുന്നതും ഡോളറിന് വിനയായേക്കും. ഡോളറിൻറെ മൂല്യത്തിലുണ്ടായ കനത്ത വർധന താങ്ങാനാവാത്തതിനാൽ പല വികസ്വര രാജ്യങ്ങളും വിദേശ നാണയ ശേഖരത്തിൽ സ്വർണം ഉൾപ്പെടെയുള്ള ബദൽ ആസ്തികൾ കൂടുതലായി ഉൾപ്പെടുത്തുകയാണ്.

കൊവിഡ് വ്യാപനവും റഷ്യയുടെ നാണയപ്പെരുപ്പം അപകടകരമായി കൂടിയതോടെ അമെരിക്കയിലെ കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് തുടർച്ചയായി വായ്പാ പലിശ നിരക്കുകൾ കുത്തനെ ഉയർത്തിയതോടെ ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ കഴിഞ്ഞമാസം ഡോളറിൻറെ മൂല്യം റെക്കോഡ് ഉയരത്തിലെത്തിയിരുന്നു. ഇതോടെ ഉഭയകക്ഷി വ്യാപാരത്തിലും വിദേശ നാണയ ശേഖരത്തിലും അമെരിക്കൻ ഡോളർ ഉൾപ്പെടുത്തുന്നതിൻറെ അധിക ബാധ്യത താങ്ങാൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പല രാജ്യങ്ങളും ഏറെ വിഷമം നേരിട്ടതോടെയാണ് പുതിയ സാധ്യതകൾ ആലോചിച്ചു തുടങ്ങിയത്.

ഇതിനിടെ റഷ്യയ്ക്കെതിരെ അമെരിക്കയും യൂറോപ്യൻ യൂണിയനും അടങ്ങുന്ന സഖ്യകക്ഷികൾ ഉപരോധം ഏർപ്പെടുത്തിയതോടെ ഡോളർ ഒഴിവാക്കി ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ നേരിട്ട് റഷ്യയിൽ നിന്നും ക്രൂഡ് ഓയിലും മറ്റ് ഉത്പന്നങ്ങളും വാങ്ങിത്തുടങ്ങി. ഇതിനു പിന്നാലെ ശ്രീലങ്ക, ബംഗ്ലാദേശ്, യുഎഇ തുടങ്ങിയ രാജ്യങ്ങളുമായി നേരിട്ട് പ്രാദേശിക നാണയങ്ങൾ ഉപയോഗിച്ച് ബൈ ലാറ്ററൽ വ്യാപാരം നടത്താൻ ഇന്ത്യ തീരുമാനിച്ചിരുന്നു. ഇന്തൊനേഷ്യയും ബ്രസീലും നൈജീരിയയും ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുമായി നേരിട്ട് വ്യാപാരം നടത്താനാണ് ഇപ്പോൾ താത്പര്യപ്പെടുന്നത്.

ആഗോള നാണയമായി ഇന്ത്യൻ രൂപയെ മാറ്റാനുള്ള റിസർവ് ബാങ്കിൻറെ ശ്രമങ്ങൾ സാവധാനത്തിൽ വിജയിക്കുകയാണെന്ന് ധനകാര്യ മേഖലയിലുള്ളവർ പറയുന്നു.





# 500 ന്റെ നിറവിൽ വല്ലാർപാടം പള്ളി; മഹാജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

**കൊച്ചി:** ചരിത്ര പ്രസിദ്ധമായ വല്ലാർപാടം പള്ളിയുടേയും പരിശുദ്ധ വല്ലാർപാടത്തമ്മയുടെ അത്ഭുത ചിത്ര സ്ഥാപനത്തിന്റേയും അഞ്ഞൂറ് വർഷം പൂർത്തിയാകുന്ന മഹാ ജൂബിലി ആഘോഷങ്ങൾക്ക് ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ തുടക്കമായി. ഇന്നലെ വൈകീട്ട് 3.30 ന് വല്ലാർപാടത്തേ ആദ്യ ദോവലയം സ്ഥിതി ചെയ്തിരുന്നുവെന്ന് വിശ്വസിക്കുന്ന പഴയ പള്ളിക്കൽ പരിസരത്ത് നിന്ന് ആരംഭിച്ച വർണ്ണാഭമായ ജൂബിലി വിളംബര റാലി, ഹൈബി ഈഡൻ എം.പി. ഉത്ഘാടനം ചെയ്തു. വിശുദ്ധരുടെ വേഷം ധരിച്ചവർ, പരമ്പരാഗത വസ്ത്രധാരികൾ, വിവിധ കലാരൂപങ്ങൾ, നിശ്ചല ദൃശ്യങ്ങൾ, എന്നിവ റാലിയിൽ അണിനിരന്നു.

കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. റാലി ഫ് ളാഗ് ഓഫ് ചെയ്തു. മുളവുകാട് പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്.അക്ബർ അധ്യക്ഷനായിരുന്നു. ഗോശ്രീ റോഡ് വഴി റാലി ബസിലിക്കയിലെത്തിയപ്പോൾ വരാപ്പുഴ അതിരൂപത മെത്രാപ്പോലിത്ത ഡോ.ജോസഫ് കളത്തിപ്പറമ്പിലിന്റെ നേതൃത്വത്തിൽ വിശ്വാസ സമൂഹം ജൂബിലി കവാടത്തിലൂടെ ദേവാലയത്തിലേക്ക് സ്വീകരിച്ചു.

തുടർന്ന് ജൂബിലി നാളം തെളിച്ച് ആഘോഷ പരിപാടികളുടെ ഉത്ഘാടനം നിർവ്വഹിച്ചി. ആർച്ച് ബിഷപ്പിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയെ തുടർന്ന് ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന നിത്യാരാധനാലയത്തിന്റെ അടിസ്ഥാന ശിലയുടെ വെഞ്ചിരിപ്പും, കൃതജ്ഞത ഗാനത്തിന്റെ പ്രകാശനവും ആർച്ച്ബിഷപ്പ് നിർവ്വഹിച്ചു.

ഒരു വർഷം നീണ്ടു നിൽക്കുന്ന തിരുസ്വരൂപ പ്രയാണത്തിന് ആരംഭം കുറിക്കുകയും ഇടവകയിലെഎല്ലാ ഭവനങ്ങളിലേക്കുമുള്ള ജൂബിലി പതാകകൾ ആശീർവദിച്ചു നൽകുകയും ചെയ്തു. ഫാ. ഐസക് കുരിശിങ്കൽ വചനപ്രഘോഷണകർമ്മം നിർവ്വഹിച്ചു.മഹാജൂബിലിയുടെ ഭാഗമായി ഒരു വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന ആധ്യാത്മിക സാംസ്ക്കാരിക പരിപാടികൾക്ക് പുറമേ, വിവിധ ചരിത്ര സെമിനാറുകൾ, അടിസ്ഥാന സൗകര്യ വികസനം, സാധുജന സേവനം, യുവജനക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള പദ്ധതികൾ നടപ്പാക്കും. ബസിലിക്ക റെക്ടർ ഫാ.ആന്റണി വാലുങ്കൽ, ജനറൽ കൺവീനർ പീറ്റർ കൊറയ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.



# അഖില കേരള ഭവൻസ് ഫെസ്റ്റ്: ഭവൻസ് ആദർശ വിദ്യാലയ്ക്ക് വിജയ കിരീടം

**കൊച്ചി :** അഖില കേരള ഭവൻസ് കലോത്സവം(കാറ്റഗറി 5)ൽ കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ കിരീടം കരസ്ഥമാക്കി. എളമക്കര ഭവൻസ് വിദ്യാമന്ദിർ നാണ് രണ്ടാം സ്ഥാനം.ഭവൻസ് ആദർശ വിദ്യാലയത്തിലെ വിശാൽ എസ്. ജെ ഭവൻസ് പ്രതിഭാ പുരസ്ക്കാരവും എളമക്കര ഭവൻസ് വിദ്യാമന്ദിറിലെ രേവതി നാരായൺ ഭവൻസ് ജ്യോതി പുരസ്ക്കാരവും നേടി. കാറ്റഗറി ഒന്നുമുതൽ കാറ്റഗറി നാലു വരെയുള്ള വിഭാഗങ്ങളിലെയും കാറ്റഗറി ഒന്നുമുതൽ കാറ്റഗറി അഞ്ചു വരെയുള്ള വിഭാഗങ്ങളിലെയും മത്സരങ്ങളിൽ കിരീടം നേടി കാക്കനാട് ഭവൻസ് ആദർശവിദ്യാലയ വിജയത്തിളക്കത്തിന് മാറ്റുകൂട്ടി.രജതധ്വനി എരൂർ ഭവൻസ് വിദ്യാമന്ദിറിൽ ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ആതിഥ്യമരുളിയ കലോത്സവം സംഗീതസംവിധായകനും ഗായകനുമായ ബിജിബാൽ ഉദ്ഘാടനം ചെയ്തു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി. എ വേണുഗോപാൽ സി .ഗോവിന്ദ് അധ്യക്ഷത വഹിച്ചു. കൊച്ചി കേന്ദ്ര ഡയറക്ടർ ഇ.രാമൻകുട്ടി ,പ്രോഗ്രാം ചീഫ് കോർഡിനേറ്റർ മീന വിശ്വനാഥൻ, പി ടി എ വൈസ് പ്രസിഡന്റ് രജനികാന്ത് സി. എ,എരൂർ ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പാൾ പാർവതി. ഇ ,അസിസ്റ്റന്റ് വൈസ് പ്രിൻസിപ്പാൾ ജിജിത വി.ജി തുടങ്ങിയവർ സംസാരിച്ചു. 17 വേദികളിലായി നടന്ന 23 മത്സര ഇനങ്ങളിൽ ഭാരതീയ വിദ്യാഭവന്റെ കീഴിൽ കേരളത്തിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർഥികൾ കലോൽസവത്തിൽ മാറ്റുരച്ചു.

സമാപന സമ്മേളനത്തിൽ വച്ച് ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ. രാമൻകുട്ടി വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു . ഒക്ടോബർ 28 ന് ആരംഭിച്ച ഭവൻസ് കലോത്സവത്തിന്റെ മറ്റു കാറ്റഗറി മത്സരങ്ങൾ ഭാരതീയ വിദ്യാഭവന്റെ വിവിധ കേന്ദ്രങ്ങളിലാണ് നടന്നത് . കൊച്ചിള കേന്ദ്രയിൽ നടന്ന രജതധ്വനിയോടെ 25ാം മത് ഭവൻസ് ഫെസ്റ്റ് സമാപിച്ചു.

# റോട്ടറി സ്പെഷ്യൽ സ്കൂൾ കായിക മേള റോസസ്: കാർമൽ ജ്യോതി സ്പെഷൽ സ്കൂൾ ജേതാക്കൾ

**കൊച്ചി:** റോട്ടറി ക്ലബ് പറവൂർ, കൊച്ചിൻ വെസ്റ്റ്, കൊച്ചിൻ ട്രൈസിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച റോട്ടറി ഒളിംപിക്സ് ഫോർ സ്പെഷ്യൽ എഡ്യുക്കേഷൻ സ്റ്റുഡൻസ് റോസസ് കായിക മേളയിൽ അടിമാലി മച്ചിപ്ലാവ് കാർമൽ ജ്യോതി സ്പെഷൽ സ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.




ആലുവ യു സി കോളജിൽ നടന്ന അത്‌ലറ്റിക്സ് മീറ്റ് റോട്ടറി 3201 ഡിസ്ട്രിക്ട് ഗവർണർ റൊട്ടേറിയൻ ടി ആർ വിജയകുമാർ ഉദ്ഘാടനം ചെയ്തു.ദൈവം അനുഗ്രഹിച്ച കുട്ടികളാണ് നിങ്ങളെന്നും നിങ്ങളെ പോലുള്ള കുട്ടികളെ നോക്കുന്ന അധ്യാപകർക്കും രക്ഷിതാക്കൾക്കുമാണ് നിറഞ്ഞ കൈയടി നൽകേണ്ടതെന്നും പരിപാടിയിൽ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സി പറഞ്ഞു. ജയിക്കുന്നതിലല്ല മത്സരത്തിൽ പങ്കെടുക്കുന്നതിലാണ് കാര്യമെന്നും അദ്ദേഹം കുട്ടികളെ ഓർമ്മപ്പെടുത്തി.കുട്ടികളുടെ പാട്ടിനൊപ്പം തന്റെ സംഗീതോപകരണം വായിച്ച് സ്റ്റീഫൻ ദേവസ്സി ആഹ്ലാദം പങ്കുവെച്ചു.

ഗായകൻ സുമേഷ് , സ്റ്റീഫൻ ദേവസ്സിയോടൊപ്പം ഗാനം അവതരിപ്പിച്ചു. വിനോദ് കുട്ടി കുട്ടികൾക്കായി മാന്ത്രിക വിദ്യകൾ അവതരിപ്പിച്ചു. റോം ലാൽ അധ്യക്ഷത വഹിച്ചു. ബിബു പുന്നൂരാൻ, ദിനിൽ തമ്പി, പ്രകാശ് അയ്യർ, കിരൺ റോയ് പോത്താടി, റോട്ടറി 3201 അസിസ്റ്റന്റ് ഗവർണർ റോഷ്ന എന്നിവർ പ്രസംഗിച്ചു.അത്‌ലറ്റിക്സ് മീറ്റിന് കെ പി തോമസും ഇടുക്കി അത്‌ലറ്റിക്സ് ജില്ല പ്രസിഡൻറ് രാജാസ് മാത്യുവും ടീമും നേതൃത്വം നൽകി. റോട്ടറി ഡിസ്ട്രിക്ട് 3201ന് കീഴിലുള്ള പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലകളിലെ സ്പെഷ്യൽ സ്കൂളുകളിൽ നിന്നായി ആയിരത്തോളം വിദ്യാർഥികളാണ് കായിക മത്സരത്തിൽ പങ്കെടുത്തത്. ആൺ, പെൺ വിഭാഗങ്ങളിൽ 16 കാറ്റഗറികളിലായി 36 ഇനങ്ങളാണ് മത്സരത്തിനുണ്ടായിരുന്നത്. എയർ ഇന്ത്യ എക്സിക്യൂട്ടീവ് മേധാവി മൈക്കിൾ ജോസഫ് വിജയായി സ്കൂളിനുള്ള എവർ റോളിംഗ് ട്രോഫി സമ്മാനിച്ചു.



# ശ്രീനാരായണ ധർമ്മ സമാജം സുവർണ ജൂബിലിക്ക് സമാപനം

**കൊച്ചി:** അയ്യപ്പൻകാവ് ശ്രീനാരായണ ധർമ്മസമാജം ഗോൾഡൻ ജൂബിലി സമാപനം ചലച്ചിത്ര താരം പത്മശ്രീ ജയറാം ഉദ്ഘാടനം ചെയ്തു. കലാഭവനിലെ മിമിക്രിയുമായി മൂന്നരപ്പതിറ്റാണ്ടു മുമ്പ് അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ വന്ന തനിക്ക് ഇങ്ങനെയൊരു അവസരം ലഭിച്ചതിൽ തനിക്ക് അഭിമാനമുണ്ടെന്ന് ജയറാം പറഞ്ഞു. തന്റെ 151 പേർ അടങ്ങുന്ന മേളക്കാരുമായി അയ്യപ്പൻ കാവ് ക്ഷേത്രത്തിൽ ചെണ്ടേ മേളം നടത്തണമെന്ന ആഗ്രഹവും അദ്ദേഹം പ്രകടമാക്കി.അയ്യപ്പൻ കാവിൽ മിമിക്രി നടത്തിയപ്പോൾ തന്നോടൊപ്പമുണ്ടായിരുന്ന സൈനുദ്ദീനും ഹനീഫയുമൊക്കെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ദു:ഖവും രേഖപ്പെടുത്തി.

ചലച്ചിത്ര താരം എന്നതിനേക്കാൾ കർഷകൻ എന്ന് അറിയപ്പെടാനാണ് താത്പര്യമെന്നും ജയറാം പറഞ്ഞു. സി എൻ ശോഭനൻ അധ്യക്ഷത വഹിച്ചു.പ്രൊഫ. കെ വി തോമസ് മുഖ്യപ്രഭാഷണം നടത്തി. ഹൈബി ഈഡൻ എം പി, ടി ജെ വിനോദ് എം എൽ എ, ഉണ്ണികൃഷ്ണൻ എം എൽ എ, എം ഡി അഭിലാഷ്, മിനി ദിലീപ്, കാജൽ സലീം, രഘുനന്ദൻ, പി ഐ രാജീവൻ എന്നിവർ പ്രസംഗിച്ചു.

സമാജം രൂപീകൃതമായ കാലം മുതലുള്ള പ്രസിഡന്റ്, സെക്രട്ടറി, 80 വയസ് കഴിഞ്ഞ സമാജം അംഗങ്ങൾ എന്നിവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് ഫ്യൂഷൻ സംഗീത സന്ധ്യ അരങ്ങേറി.തൃക്കണാർവട്ടം ദേശത്ത് നിലനിന്നിരുന്ന സ്വധർമ്മ പരിപോഷിണി യോഗവും തീയ്യ സമുദായവും ഒന്നായി തീർന്ന 1972 ൽ രൂപം കൊണ്ടതാണ് ശ്രീനാരായണ ധർമ്മസമാജം. ആരംഭ കാലത്ത് ഒരു ലോവർ പ്രൈമറി സ്കൂളും ചെറിയ ഒരു ക്ഷേത്രവും കൈമുതലായി ഉണ്ടായിരുന്ന ധർമ്മ സമാജത്തിനു ഇന്ന് അയ്യപ്പൻകാവ് ക്ഷേത്രം, എസ് .എൻ സ്കൂൾ, എസ് എൻ ഹയർ സെക്കൻഡറി സ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, വാണിജ്യ മന്ദിരം. ഈരേഴത്ത് ഹാൾ, ഓഡിറ്റോറിയം, എന്നിവ സ്വന്തമായുണ്ട്.

## വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം

**പാലക്കാട്:** കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് 2023 24 വർഷത്തെ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 2023 മെയ് 31നു രണ്ടുവർഷം പൂർത്തീകരിച്ച് കുടിശ്ശിക കൂടാതെ വിഹിതം അടച്ചുവരുന്ന തൊഴിലാളികളുടെ മക്കൾക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷാഫോം 10 രൂപ നിരക്കിൽ ബോർഡിന്റെ എല്ലാ ഓഫീസുകളിൽ നിന്നും ലഭിക്കും. വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷാ ഫോം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും ഡിസംബർ 31വരെ സ്വീകരിക്കുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## വയോസാന്ത്വനം പദ്ധതി

**പാലക്കാട്:** സംരക്ഷിക്കാൻ ആരുമില്ലാത്തവരും കിടപ്പ് രോഗികളുമായ വയോജനങ്ങൾക്ക് സ്ഥാപന സംരക്ഷണം ഉറപ്പാക്കുന്ന സാമൂഹ്യ നീതി വകുപ്പിന്റെ വയോസാന്ത്വനം പദ്ധതിയിലേക്ക് സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റിനായി അപേക്ഷിക്കാം. ദൈനംദിന ചെലവുകളുടെ 80 ശതമാനം സർക്കാർ ഗ്രാന്റായി ലഭിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ www.sjd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. താല്പര്യമുള്ള സന്നദ്ധ സംഘടനകൾ അപേക്ഷാഫോമിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളും ഡിസംബർ 8നകം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണെന്ന് ഡയറക്ടർ അറിയിച്ചു.

# ചിപ്പ് സമ്മിറ്റ് 2023 : സങ്കീർണ്ണ ആൻജിയോപ്ലാസ്റ്റി അന്താരാഷ്ട്ര സമ്മേളനം നടന്നു

**കൊച്ചി :** സങ്കീർണ്ണ ഹൃദ്രോഗങ്ങൾക്കുള്ള ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ സംബന്ധിച്ച് കൊച്ചി ക്രൗൺ പ്ലാസയിൽ നടന്ന മൂന്നാമത് അന്താരാഷ്ട്ര ചിപ്പ് സമ്മേളനം നൂതന ചികിത്സാ സാങ്കേതിക വിദ്യകളും, ശസ്ത്രക്രിയാ വൈദഗ്ദ്ധ്യവും പങ്കിടുന്ന വേദിയായി. സിൻസിറ്റിയം ഹാർട്ട് കെയർ ആൻഡ് റിസർച്ച് ഫൗണ്ടേഷനാണ് മൂന്ന് ദിവസം നീണ്ട സമ്മേളനം സംഘടിപ്പിച്ചത്. നടനും സംവിധായകനുമായ മേജർ രവി സമ്മേളനം ഉദ്ഘാടനം ചെയ്തു.



വിവിധ സങ്കീർണ്ണ ഹൃദ്രോഗങ്ങൾക്കുള്ള ഫലപ്രദമായ ചികിത്സാ സംവിധാനമായി കീറിമുറിക്കൽ ഇല്ലാത്ത കത്തീറ്റർ അധിഷ്ഠിത ശസ്ത്രക്രിയാ രീതികൾ വളർന്നത് വൈദ്യശാസ്ത്ര ലോകത്തെ വിസ്മയിപ്പിക്കുന്ന മാറ്റമാണെന്ന് ആസ്റ്റർ കാർഡിയാക് സയൻസസിലെ ലീഡ് കൺസൾട്ടന്റും ചിപ്പ് സമ്മിറ്റിന്റെ ഓർഗനൈസിംഗ് ചെയർമാനുമായ ഡോ. അനിൽ കുമാർ ആർ പറഞ്ഞു.അത്യന്താധുനിക ചികിത്സാ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിൽ മുന്നിലാണ് കേരളം. ആരോഗ്യ സംരക്ഷണത്തിൽ ആഗോള നിലവാരം കൈവരിക്കുന്നതിന് ഈ മുന്നേറ്റം ഏറെ സഹായിച്ചിട്ടുണ്ട്, അനിൽ കുമാർ ആർ പറഞ്ഞു. വൈദ്യശാസ്ത്ര സാങ്കേതിക വിദ്യകളുടെ വളർച്ചയ്ക്ക് ഒപ്പം സാമൂഹിക പ്രതിബദ്ധതയും വളരേണ്ടതുണ്ട്. എല്ലാ നൂതന ചികിത്സകളും സാധാരണക്കാർക്ക് പ്രാപ്യവും താങ്ങാനാവുന്നതുമാവണം. ഗ്രാമീണ മേഖലകളിൽ ഹൃദ്രോഗ ചികിത്സാ സംവിധാനങ്ങളും , നേരത്തെയുള്ള ചികിത്സയുടെ പ്രയോജനങ്ങളും പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ വേണമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. സന്ദീപ് ആർ പറഞ്ഞു.

ഓർഗനൈസിങ് ചെയർമാൻ ഡോ. അനിൽ കുമാർ ആർ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. സന്ദീപ്. ആർ, സി.എസ്.ഐ കേരള പ്രസിഡൻ ഡോ. ജയഗോപാൽ പി. ബി, ഡോ. രാജശേഖർ വർമ്മ, ഡോ. ദീപക് ഡേവിഡ്സൺ, ഡോ. രാജീവ് സി, ഡോ. അനിൽ ബാലചന്ദ്രൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.ന്യൂയോർക്കിൽ നിന്ന് ആൻജിയോപ്ലാസ്റ്റിയുടെ തത്സമയ സംപ്രേക്ഷണം, മോഡലുകൾ ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി സിമുലേഷൻ സെഷനുകൾ, ചിപ്പ് ആൻജിയോപ്ലാസ്റ്റിയെക്കുറിച്ചുള്ള സമഗ്രമായ അധ്യാപനം എന്നിവ സമ്മേളനത്തിൽ നടന്നു. കീറിമുറിക്കലുകൾ ഇല്ലാതെ താക്കോൽ ദ്വാരം വഴിയുള്ള സങ്കീർണ്ണ ചികിത്സകൾ സമ്മേളനത്തിൽ പ്രത്യേക ചർച്ചാ വിഷയമായി. ഹൃദയ പേശികളിലെ രക്ത കുഴലുകൾ പൂർണ്ണമായും അടഞ്ഞുണ്ടാകുന്ന ബ്ലോക്കുകൾ, രക്തകുഴലുകൾ ശാഖയായി പിരിയുന്നിടത്തെ ബ്ലോക്കുകൾ എന്നിവ നീക്കം ചെയ്യുന്നതും, കഠിനമായ കാൽസിഫൈഡ് ബ്ലോക്കുകൾ പൊടിച്ച് കളയുന്ന സാങ്കേതിക വിദ്യകളും, ലേസർ ആൻജിയോപ്ലാസ്റ്റി, രക്തകുഴലുകളുടെ തടസ്സമുള്ള ഭാഗങ്ങളുടെ ആന്തരിക ചിത്രീകരണം എന്നിവ പ്രത്യേക ശാസ്ത്ര സെഷനുകളിൽ അവതരിപ്പിക്കപ്പെട്ടു. ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, ന്യൂസിലാൻഡ്, യുഎഇ എന്നിവയുൾപ്പെടെ ഒമ്പത് രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ വിവിധ ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകി. രാജ്യത്തെ ഇരുന്നൂറിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുത്തു.



# കേരളത്തിൽ സാനിധ്യം വിപുലീകരിച്ച് വാൽവോലിൻ കമ്മിൻസ്

**മലപ്പുറം:** എൻജിൻ ഓയിൽ, ലൂബ്രിക്കന്റ് രംഗത്തെ ലോകത്തിലെ മുൻനിരക്കാരായ വാൽവോലിൻ കമ്മിൻസ പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ആറ് പുതിയ ബൈക്ക് എക്സ്പേർട്ട് പോയിന്റുകൾ തുറന്നു. ഇതോടെ കമ്പനിയുടെ ബൈക്ക് എക്സ്പേർട്ട് പ്രോഗ്രാമിന് കീഴിൽ കേരളത്തിൽ ആകെ 32 ബൈക്ക് എക്സ്പേർട്ട് പോയിന്റുകളായി.

മേഖലയിലെ സ്വതന്ത്ര മെക്കാനിക് വർക്ക്ഷോപ്പുകളുടെയും സേവന ദാതാക്കളുടെയും കണ്ടെത്തലുകളെ സഹായിക്കുന്നതിനും, വൈദഗ്ധ്യം വർധിപ്പിക്കുന്നതിനുമുള്ള വാൽവോലിൻ കമ്മിൻസിന്റെ പ്രതിബദ്ധതയുടെ തെളിവ് കൂടിയാണ് ഈ തന്ത്രപരമായ നീക്കമെന്ന് വാൽവോലിൻ കമ്മിൻസ്പ്രൈ പവറ്റ് ലിമിറ്റഡ് സിഎംഒ ഇപ്ഷിത ചൗധരി പറഞ്ഞു. വാൽവോലിൻ കമ്മിൻസിന്റെ മുൻനിര സംരംഭമാണ് ബൈക്ക് എക്സ്പേർട്ട് പ്രോഗ്രാം. മെക്കാനിക്കുകളെ ഓൺലൈൻ ലിസ്റ്റിങ്ങുകളിലൂടെയും ഡിജിറ്റലൈസ് ചെയ്ത സിആർഎം ടൂളുകളിലൂടെയും അവരുടെ ഡിജിറ്റൽ സാന്നിധ്യം പ്രാപ്തമാക്കി, വർക്ക്ഷോപ്പിനെയും ഉപഭോക്താവിനെയും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനാണ് ഈ പ്രത്യേക പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ബൈക്ക് ഉടമകൾക്ക് സമഗ്രമായ കവറേജും പിന്തുണയും നൽകുന്നതിനായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, മഞ്ചേരി, പൊന്നാനി, എരമംഗലം, ചേളാരി, അരീക്കോട് തുടങ്ങിയ സ്ഥലങ്ങളിലാണ് പുതിയ ബൈക്ക് എക്സ്പേർട്ടുകൾ തുറന്നത്. കേരളത്തിൽ 32 ബൈക്ക് എക്സ്പേർട്ടുകളുടെ കൂട്ടിച്ചേർക്കലും, ദേശീയതലത്തിൽ ബൈക്ക് എക്സ്പേർട്ടുകളുടെ എണ്ണം 700 കടന്നതും അതിന്റെ ശൃംഖലക്കുള്ളിൽ മികവും വൈദഗ്ധ്യവും വളർത്തിയെടുക്കാനുള്ള വാൽവോലിൻ കമ്മിൻസിന്റെ സമർപ്പണത്തിന്റെ തെളിവ് കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

## സൈക്കോ സോഷ്യൽ കൗൺസിലർ ഒഴിവ്

**പാലക്കാട്:** കേന്ദ്ര പദ്ധതിയായ വൺ സ്റ്റോപ്പ് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ സൈക്കോ സോഷ്യൽ കൗൺസിലർ തസ്തികയിൽ നിയമനത്തിന് വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എം.എസ്.ഡബ്ല്യു / ക്ലിനിക്കൽ സൈക്യാട്രി ബിരുദം, ഡിപ്ലോമ ഇൻ സൈക്കോളജി, സൈക്യാട്രി / ന്യൂറോ സയൻസസിൽ ജില്ലാതലത്തിൽ സർക്കാർ / സർക്കാരിതര ഹെൽത്ത് പ്രൊജക്റ്റ് / പ്രോഗ്രാമിൽ പ്രവർത്തിച്ച് കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം. പ്രായപരിധി: 25 45.

ബയോഡാറ്റ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 27നകം വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, സിവിൽ സ്റ്റേഷൻ, പാലക്കാട് എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണെന്ന് വനിതാ സംരക്ഷണ ഓഫീസർ അറിയിച്ചു. ഫോൺ: 8281999061.

## പ്രോജക്ട് ക്ലിനിക്ക്: അപേക്ഷിക്കാം

**തിരുവനന്തപുരം:** കൃഷി വകുപ്പിന്റെ ഫാം പ്ലാൻ വികസന സമീപനം പദ്ധതിയുടെ ഭാഗമായി കാർഷിക സംരംഭകർ, ഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ, കാർഷിക ഉത്പാദക സംഘങ്ങൾ, കർഷക ഉത്പാദക കമ്പനികൾ എന്നിവയ്ക്കായി ആറ്റിങ്ങൽ ബ്ലോക്ക് തലത്തിൽ പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു. മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നീ മേഖലയിലുള്ള സംരംഭകർക്ക് അപേക്ഷിക്കാവുന്നതാണ്. താത്പര്യമുള്ളവർ അപേക്ഷ നവംബർ 23 ന് മുമ്പായി ആറ്റിങ്ങൽ ബ്ലോക്ക് പരിധിയിലെ കൃഷി ഭവനിൽ നൽകണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.



**മന്ദിർ അർച്ചക് പുരോഹിത് വിഭാഗം കേരള ഘടകത്തിന്റെ നേതൃത്വത്തിൽ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ നടന്ന ക്ഷേത്ര നവോത്ഥാനസംഗമം ശബരിമല, ഗുരുവായൂർ മുൻ മേൽശാന്തി ബ്രഹ്മശ്രീ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു. സ്ഥാണു മാലയൻ, അബിനു സുരേഷ് സമീപം**

# പാവക്കുളത്ത് ക്ഷേത്ര നവോത്ഥാന സംഗമം നടത്തി

**കൊച്ചി:** മന്ദിർ അർച്ചക് പുരോഹിത് വിഭാഗം കേരള ഘടകത്തിന്റെ നേതൃത്വത്തിൽ പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ ക്ഷേത്ര നവോത്ഥാന സംഗമം നടത്തി. ശബരിമല, ഗുരുവായൂർ മുൻ മേൽശാന്തി ബ്രഹ്മശ്രീ എഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി സംഗമം ഉദ്ഘാടനം ചെയ്തു. വി.എച്ച്.പി സംസ്ഥാന ജോയിന്റ് സെക്രട്ടറി അബിനു സുരേഷ് അധ്യക്ഷത വഹിച്ചു.

വി.എച്ച്.പി അഖിലേന്ത്യ ജോയിന്റ് ജനറൽ സെക്രട്ടറി സ്ഥാണു മാലയൻ മുഖ്യപ്രഭാഷണം നടത്തി. മന്ദിർ അർച്ചക് പുരോഹിത് സംയോജക് ശശികുമാർ പണിക്കർ, വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാർ തുടങ്ങിയവർ സംസാരിച്ചു.

# കേരളത്തിൽ എയർഫൈബർ സേവനങ്ങൾക്ക് തുടക്കമിട്ട് റിലയൻസ് ജിയോ

**തിരുവനന്തപുരം:** കേരളത്തിൽ എയർ ഫൈബർ സേവനങ്ങൾക്ക് തുടക്കമിട്ട് റിലയൻസ് ജിയോ. തിരുവനന്തപുരം നഗരത്തിലാണ് നിലവിൽ സേവനങ്ങൾ ലഭ്യമാകുന്നത്. സെപ്റ്റംബർ 19 നാണ് രാജ്യത്ത് ജിയോ എയർ ഫൈബറിന് തുടക്കമിട്ടത്.ജിയോ എയർ ഫൈബർ പ്ലാനിൽ 30 എംബിപിഎസ് സ്പീഡിൽ അൺലിമിറ്റഡ് ഡാറ്റ 599 രൂപയ്ക്ക് ലഭ്യമാകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

കൂടാതെ 100 എംബിപിഎസ് സ്പീഡിൽ 899 രൂപയുടെയും 1199 രൂപയുടെയും പ്ലാനുകൾ ലഭ്യമാണ്. 1199 രൂപയുടെ പ്ലാനിൽ നെറ്ഫ്ലിക്സ്, ആമസോൺ പ്രൈം , ജിയോ സിനിമ പ്രീമിയം ഉൾപ്പെടെ 17 ഒ ടി ടി പ്ലാറ്റുഫോമുകൾ ലഭ്യമാകും . മറ്റു രണ്ട് പ്ലാനുകളിലും 14 ഒ ടി ടി ആപ്പുകൾ ലഭ്യമാണ്.ഇന്ത്യയിലുടനീളം 1.5 ദശലക്ഷം കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്നതാണ് ജിയോയുടെ ഒപ്റ്റിക്കൽ ഫൈബർ ഇൻഫ്രാസ്ട്രക്ചർ. ജിയോയുടെ വിപുലമായ ഒപ്റ്റിക്കൽ ഫൈബർ സാന്നിധ്യം 200 ദശലക്ഷത്തിലധികം സ്ഥലങ്ങളിലേക്ക് ജിയോ സേവനം ലഭ്യമാക്കുന്നു. എന്നിരുന്നാലും, രാജ്യത്തിന്റെ ഉൾപ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ എത്തിക്കുന്നതിൽ സങ്കീർണതകളുണ്ടായിരുന്നത് രാജ്യത്തെ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് ഹോം ബ്രോഡ്ബാൻഡ് ലഭിക്കുന്നതിന് തടസ്സമേകിയിരുന്നു. ജിയോ എയർ ഫൈബറിലൂടെ ഈ തടസ്സത്തെ മറികടക്കാൻ കഴിയുമെന്നും കമ്പനി അധികൃതർ അറിയിച്ചു.



# കെ എം എ കോർപറേറ്റ് ക്രിക്കറ്റ് ലീഗ്: എസ് ഐ ബി ജേതാക്കൾ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ കോർപറേറ്റ് ക്രിക്കറ്റ് ലീഗ് സെക്കന്റ് എഡിഷനിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കളായി. കളമശ്ശേരി പാർക്ക്വേയിൽ നടന്ന ക്രിക്കറ്റ് ലീഗിൽ 16 കോർപ്പറേറ്റ് ടീമുകൾ പങ്കെടുത്തു. കെ എം എ മുൻ പ്രസിഡന്റ് ജിബു പോൾ സൗത്ത് ഇന്ത്യൻ ബാങ്കിന് ട്രോഫി സമ്മാനിച്ചു. ടൂർണമെന്റിലെ റണ്ണേഴ്സ് അപ് ട്രോഫി ദിലീപ് നാരായണൻ തിരുവനന്തപുരത്തെ എച്ച് ആന്റ് ആർ ബ്ലോക്ക് കമ്പനിക്ക് സമ്മാനിച്ചു. കെ എം എ ക്രിക്കറ്റ് ലീഗ് ചെയർമാൻ ബാലഗോപാൽ സമ്മാനദാന ചടങ്ങിൽ പങ്കെടുത്തു. മാൻ ഓഫ് ദി ഫൈനലായി എസ് ഐ ബിയിലെ അനൂപ് തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ബാറ്ററായി ഐ സി എ ഐ താരം പ്രകാശ് താപ്പയും മികച്ച ബൗളറായി എസ് ഐ ബി ക്യാപ്റ്റൻ അജേഷും പ്ലയർ ഓഫ് ദി ടൂർണമെന്റായി ഐ സി എ ഐയുടെ അരുൺ സോമശേഖരനും തെരഞ്ഞെടുക്കപ്പെട്ടു. അഞ്ച് ഓവർ വീതമുള്ള മത്സരത്തിൽ എട്ട് പേരടങ്ങുന്ന 16 കോർപ്പറേറ്റ് കമ്പനികളുടെ ടീമുകളാണ് പങ്കെടുത്തത്.

## അപേക്ഷ ക്ഷണിച്ചു

**പത്തനംതിട്ട:** ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ രാത്രികാല മൃഗചികിൽസാ സേവനം നൽകുന്നതിനായി കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വെറ്ററിനറി സയൻസിൽ ബിരുദധാരികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഇവരുടെ അഭാവത്തിൽ സർവീസിൽ നിന്നും വിരമിച്ച വെറ്ററിനറി ഡോക്ടർമാരെയും പരിഗണിക്കും. തെരഞ്ഞെടുക്കുന്നവരെ 90 ദിവസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി നിയമിക്കുന്നതാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് രാത്രികാല മൃഗചികിത്സാ സേവനം നൽകേണ്ടത്. താൽപര്യമുള്ളവർ ബയോഡേറ്റ, യോഗ്യതാ സർട്ടിഫിക്കേറ്റുകളുടെ ഒറിജിനലും പകർപ്പും സഹിതം നവംബർ 22 ന് രാവിലെ 11 മണിക്ക് ജില്ലാ മൃഗസംരക്ഷണ ആഫീസിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0468 2322762

# ഏകാംഗ കലാപ്രദർശനങ്ങൾ

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന സബിത കടന്നപ്പള്ളിയുടെ അക്രോസ്സ് ദ ഡോർസിൽ വേർ ദ ടു വേൾഡ്സ് ടച്ച്, ശ്രുതി എസ് കുമാറിന്റെ റെലിക്സ് ഇൻ പ്രസൻസ് എന്നീ കലാ പ്രദർശനങ്ങൾ നവംബർ 21 ന് വൈകുന്നേരം 5 മണിക്ക് അക്കാദമിയുടെ എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 2022-23ലെ സമകാലിക കലാപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്.

പ്രദർശനങ്ങളുടെ ഉദ്ഘാടനം നവംബർ 21 ന് വൈകുന്നേരം അഞ്ചിന് അക്കാദമി നിർവ്വാഹകസമിതി അംഗം ലേഖ നാരായണൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സമകാലീന കലാകാരൻ സുജിത് എസ്.എൻ. നിർവഹിക്കും.സബിതയുടെ കൺസെപ്ച്വൽ ഇൻസ്റ്റലേഷൻസ് പരുത്തിയിലും ലോഹത്തിലും സങ്കീർണ്ണവും വിരോധാഭാസപരവുമായ വിഷയങ്ങളെ ആവിഷ്കരിക്കുന്നു. വീട്, വീട്ടിൽ രൂപപ്പെടുന്ന മനുഷ്യൻ എന്നിങ്ങനെ ഉള്ള വിഷയങ്ങളിൽ നിശിതവും അന്തർലീനവുമായ വൈരുദ്ധ്യാത്മക സ്വഭാവം ചർച്ച ചെയ്യാൻ സബിതയുടെ ഈ ഏകാംഗപ്രദർശനം വഴിയൊരുക്കുന്നു. പ്രദർശനം മേഘ വി. ശ്രേയസ്സ് ക്യൂറേറ്റ് ചെയ്യുന്നു.തന്റെ ചുറ്റുപാടുകളിൽ നിന്നും ശേഖരിക്കുന്ന വസ്തുക്കളുടെയും, ദൈനംദിന ജീവിതത്തിൽ കണ്ട് ശീലിച്ച ജീവജാലങ്ങളുടെയും, പ്രകൃതിയുടെയും പകർപ്പുകൾ ക്യാൻവാസുകളിൽ പുനർ സൃഷ്ടിക്കുന്നതിലൂടെ വ്യത്യസ്തമായ ഒരു ദൃശ്യാനുഭവം പകർന്ന് നൽകുവാൻ ശ്രുതിക്ക് കഴിയുന്നു.

തിരുശേഷിപ്പുകളിലൂടെ പുനർവ്യാഖ്യാനങ്ങൾ ചമക്കുന്ന ശ്രുതി എല്ലാവരേയും കാഴ്ചയുടെ മറ്റൊരു ലോകത്തേക്ക് കൂട്ടികൊണ്ടുപോകുന്നു. പ്രദർശനം വിവിഷ് വിജയൻ ക്യൂറേറ്റ് ചെയ്യുന്നു.നവംബർ 30 വരെയാണ് പ്രദർശനം. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 വരെയാണ്.

# ഫ്ളെയർ റൈറ്റിങ് ഇൻഡസ്ട്രീസ് ഐപിഒ നവംബർ 22 മുതൽ

**കൊച്ചി:** ഫ്ളെയർ റൈറ്റിങ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ 22 മുതൽ 24 വരെ നടക്കും. ഐപിഒയിലൂടെ 593 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്. 292 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 301 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.5 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 288 മുതൽ 304 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 49 ഓഹരികൾക്കും തുടർന്ന് 49ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സ്കോളർഷിപ്പോടെ പഠിക്കാം പുതുതലമുറ കോഴ്സുകൾ

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള നൈപുണ്യ വികസന ഏജൻസിയായ അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം (അസാപ്) കേരള വഴി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു.

സോഫ്റ്റ് വെയർ ഡെവലപ്മെന്റ് കോഴ്സായ ഫുൾ സ്റ്റാക്ക് ഡോട്ട് നെറ്റ് വിത്ത് മീൻ സ്റ്റാക്ക്, ഐടി രംഗത്തെ നൂതന കോഴ്സായ പൈത്തൺ ഫോർ ഡേറ്റ മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിങ്, സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മെഡിക്കൽ കോഡിങ് ആന്റ് മെഡിക്കൽ ബില്ലിങ് എന്നിവയിലാണ് അസാപ് കേരള പരിശീലനം നൽകുന്നത്. വിവിധ വിഷയങ്ങളിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എസ് സിഎസ്ടി, ഫിഷർമെൻ, ട്രാൻസ്ജെൻഡർ, ബിപിഎൽ കുടുംബത്തിലെ വനിതകൾ, ഏക രക്ഷിതാക്കളുള്ള വനിതകൾ എന്നിവർക്ക് എല്ലാ കോഴ്സുകളിലും 70 ശതമാനം വരെ സ്കോളർഷിപ്പ് ലഭിക്കും.

കൂടാതെ സ്കിൽ ലോണുകളും ഈ കോഴ്സുകൾക്ക് ലഭ്യമാണ്. വിദ്യാർഥികൾക്കും ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കും https://asapkerala.gov.in/courses/ എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.

# ടെൻഡർ

**കൊല്ലം:** സർക്കാർ സ്കൂളുകൾക്ക് ലാബ് കെമിക്കൽ' പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ലാബ് കെമിക്കലുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നവംബർ 27 വരെ ഫോം ലഭിക്കും. വിവരങ്ങൾക്ക് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയവുമായി പ്രവർത്തി സമയങ്ങ ളിൽ ബന്ധപ്പെടാം. ഫോൺ 0474 2792957, 8547129371, 9074030763.

# തൊഴിൽ ഏജൻസികളുടെ ചൂഷണങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം : വനിതാ കമ്മിഷൻ

**കൊച്ചി:** ഉയർന്ന ശമ്പളം വാഗ്ദാനം ചെയ്ത് വിദേശ രാജ്യങ്ങളിലെത്തിച്ച് ചൂഷണം ചെയ്യുന്ന ഏജൻസികൾക്കെതിരെ സ്ത്രീകൾ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച ജില്ലാതല സിറ്റിംഗിൽ പരാതികൾ തീർപ്പാക്കിയ ശേഷം സംസാരിക്കുകയായിരുന്നു വനിത കമ്മിഷൻ അധ്യക്ഷ. എറണാകുളം ജില്ലയിൽ ഇത്തരം ഏജൻസികളുടെ പ്രവർത്തനം സജീവമാണെന്നും ഏജൻസികളെ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അധ്യക്ഷ പറഞ്ഞു.

ഗാർഹീക ചുറ്റുപാടുകളിൽ ഉണ്ടാകുന്ന പീഡനത്തിനെതിരെ നിരവധി പരാതികളാണ് കമ്മിഷൻ മുൻപാകെ ലഭിക്കുന്നത്. വിവാഹ ശേഷം ചുരുങ്ങിയ കാലത്തിനുള്ളിൽ ദമ്പതികൾക്കിടയിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയാണെന്നാണ് കമ്മിഷൻ മുൻപാകെ വരുന്ന പരാതിയിൽ നിന്നും വ്യക്തമാകുന്നത്.

ശമ്പളം നൽകാതിരിക്കൽ, ജോലിയിൽ നിന്നും പിരിച്ചുവിടൽ, മേലുദ്യോഗസ്ഥരിൽ നിന്നുള്ള പീഡനം തുടങ്ങി ഔദ്യോഗിക തലത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി ആഭ്യന്തര പരിഹാര കമ്മിറ്റികൾ രൂപീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കമ്മീഷനു മുൻപാകെ വരുന്ന പരാതികൾ പരിശോധിക്കുമ്പോൾ ആഭ്യന്തര പരിഹാര കമ്മിറ്റികൾ രൂപീകരിക്കാത്ത സ്ഥാപനങ്ങൾ നിലവിലുണ്ടെന്നു ബോധ്യപ്പെട്ടു. ഓരോ സ്ഥാപനങ്ങളിലും ആഭ്യന്തര പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി കമ്മീഷന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. വിവിധ മേഖലകളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രത്യേകം പബ്ലിക് ഹിയറിങ്ങുകൾ സംഘടിപ്പിക്കുന്നുണ്ട്.ജില്ലാതല സിറ്റിങ്ങിൽ 108 കേസുകളാണ് പരിഗണിച്ചത്. ഇതിൽ 16 കേസുകൾ തീർപ്പാക്കി. 10 കേസുകളിൽ റിപ്പോർട്ട് ആവശ്യപ്പെട്ടു. ആറു കേസുകൾ കൗൺസിലിങ്ങിന് നിർദേശിച്ചു. ബാക്കി കേസുകൾ അടുത്ത അദാലത്തിലേക്കു മാറ്റി. കമ്മിഷൻ അംഗങ്ങളായ. എലിസബത്ത് മാമ്മൻ മത്തായി, . ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാമണി എന്നിവർ കേസുകൾ തീർപ്പാക്കി. ഡയറക്ടർ ഷാജി സുഗുണൻ, കൗൺസിലർമാർ എന്നിവർ പങ്കെടുത്തു.




# സോണി ഇന്ത്യ എ6700 ക്യാമറ പുറത്തിറക്കി

**കൊച്ചി:** സോണി ഇന്ത്യ ഏറ്റവും പുതിയ എപിഎസ്സി മിറർലെസ് ക്യാമറയായ എ6700 (ഐഎൽസിഇ6700) പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. എഐയുടെ ഉയർന്ന കൃത്യതയുള്ള സബ്ജക്ട് തിരിച്ചറിയലും ഏറ്റവും പുതിയ സ്റ്റിൽ ഇമേജും വീഡിയോ പ്രകടനവും ആദ്യമായി ഒരു കോംപാക്റ്റ് എപിഎസ്സി ബോഡിയിലുള്ള എ6700, സോണിയുടെ ഇതുവരെയുള്ള ഏറ്റവും നൂതനമായ എപിഎസ്സി മിററലെസ് ക്യാമറ കൂടിയാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

സോണിയുടെ നൂതന ബിയോൺസ് എക്സ്ആർ പ്രോസസിങ് എഞ്ചിന്റെ വേഗതയും ശക്തിയും ഉപയോഗിച്ച്, 26.0 ഫലപ്രദമായ മെഗാപിക്സലുകളുമായി എത്തുന്ന എ6700 ക്യാമറയിൽ എപിഎസ്സി ബാക്ക്ഇലുമിനേറ്റഡ് എക്സ്മോർ ആർ സിഎംഒഎസ് ഇമേജ് സെൻസർ സംയോജിപ്പിച്ചിട്ടുണ്ട്. ഒതുക്കമുള്ളതും ഭാരം കുറഞ്ഞതുമായ ഡിസൈൻ നിലനിർത്തിക്കൊണ്ട് അസാധാരണമായ ഇമേജിങ് പ്രകടനം കൈവരിക്കാൻ ഇത് എ6700 ക്യാമറയെ പ്രാപ്തമാക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

120എഫ്പിഎസ് വരെ ഉയർന്ന റെസല്യൂഷനുള്ള 4കെ വീഡിയോ റെക്കോർഡിങിനെ പിന്തുണയ്ക്കുന്നതാണ് പുതിയ ക്യാമറ. കഠിനമായതോ പ്രകാശം കുറഞ്ഞതോ ആയ സാഹചര്യങ്ങളിൽ വിശദാംശങ്ങൾ ക്യാപ്ചർ ചെയ്യുന്നതിന് 14+2 സ്റ്റോപ്പുകളുടെ വിശാലമായ വ്യാപ്തിയും, പരിഷ്ക്കരിച്ച മൂവി ഇമേജറികൾക്കായി സോണിയുടെ പ്രൊഫഷണൽ സിനിമാ ലൈനിൽ കാണുന്ന എസ്സിനിടോൺ പിക്ചർ പ്രൊഫൈലും ക്യാമറയിലുണ്ട്.

ഈ ഫീച്ചറുള്ളതിനാൽ കളർ ഗ്രേഡിങ് ആവശ്യമില്ലെന്ന് മാത്രമല്ല, മനുഷ്യ ചർമ വർണത്തിന്റെ അതിശയകരമായ പ്രതിപാദനവും ഇത് ഉറപ്പാക്കും.

ക്ലൗഡ് സർവീസിലേക്ക് തടസമില്ലാതെ വീഡിയോകളും ഫോട്ടോസും അപ്ലോഡ് ചെയ്യുന്നതിന് ക്രിയേറ്റേഴ്സ് ആപ്പ് സേവനവും ക്യാമറ പിന്തുണയ്ക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

സോണി ക്യാമറ ലോഞ്ച്, സോണി സെന്റർ, ആൽഫ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ, സോണി അംഗീകൃത ഡീലർമാർ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്പ്കാർട്ട്), ഇന്ത്യയിലുടനീളമുള്ള പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ എന്നിവയിൽ 2023 നവംബർ 20 മുതൽ എ6700 ക്യാമറ ലഭ്യമാണ്.

ഐഎൽസിഇ6700 (ബോഡി മാത്രം) മോഡലിന് 136,990 രൂപയും, ഐഎൽസിഇ6700എൽ (ബോഡി+1650 എംഎം പവർസൂം ലെൻസ്) മോഡലിന് 147,490 രൂപയും, ഐഎൽസിഇ6700എം (ബോഡി+18135 എംഎം സൂം ലെൻസ്) മോഡലിന് 172,990 രൂപയുമാണ് വില.

# ശബരിമല തീർത്ഥാടനം:
# അടിയന്തര വൈദ്യ സഹായത്തിന് 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകൾ

**തിരുവനന്തപുരം:** ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് അടിയന്തര വൈദ്യ സഹായം ഒരുക്കാൻ കനിവ് 108ന്റെ റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റുകൾ കൂടി വിന്യസിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റേയും കനിവ് 108ന്റേയും ആംബുലൻസുകൾക്ക് പുറമേയാണ് ഈ യൂണിറ്റുകൾ കൂടി സജ്ജമാക്കിയിരിക്കുന്നത്. സുസജ്ജമായ ആശുപത്രികൾക്ക് പുറമേ പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലുമായി ആകെ 19 എമർജൻസി മെഡിക്കൽ സെന്ററുകൾ, ഓക്സിജൻ പാർലറുകൾ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഇടുങ്ങിയ പാതകളിൽ സഞ്ചരിക്കാൻ കഴിയുന്ന ബൈക്ക് ഫീഡർ ആംബുലൻസ്, ദുർഘട പാതകളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന 4x4 റെസ്ക്യു വാൻ, ഐസിയു ആംബുലൻസ് എന്നിവയാണ് ശബരിമലയ്ക്കായി സജ്ജമാക്കിയത്.

കനിവ് 108 ആംബുലൻസ് പദ്ധതിക്ക് കീഴിൽ പമ്പ ആശുപത്രി കേന്ദ്രമാക്കിയാണ് റാപ്പിഡ് ആക്ഷൻ മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നത്. തീർത്ഥാടകർക്ക് വൈദ്യസഹായം വേണ്ട സാഹചര്യങ്ങളിൽ 108 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് ബന്ധപ്പെട്ടാൽ ഈ വാഹനങ്ങളുടെ സേവനം ലഭ്യമാകും. ഒരു രോഗിയെ കിടത്തികൊണ്ട് പോകാൻ കഴിയുന്ന തരത്തിൽ സജ്ജമാക്കിയ സൈഡ് കാറോടു കൂടിയതാണ് ബൈക്ക് ഫീഡർ ആംബുലൻസ്. രോഗികളെ പരിചരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ ആയിരിക്കും ഈ വാഹനം നിയന്ത്രിക്കുന്നത്.




ദുർഘട പാതകളിൽ അനായാസം സഞ്ചരിക്കാൻ കഴിയുന്ന 4x4 വാഹനത്തിൽ അടിയന്തര വൈദ്യ സഹായം നൽകാൻ വേണ്ടിയുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാണ്. രോഗികളെ പരിചരിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ച ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെ സേവനം ഈ വാഹനത്തിൽ ഉണ്ടായിരിക്കും.

പമ്പയിൽ നിന്ന് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരെ വിദഗ്ധ ചികിത്സയ്ക്കായി മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനായാണ് ഐ.സി.യു ആംബുലൻസ് സജ്ജമാക്കിയിരിക്കുന്നത്. ഡീഫ്രിബിലേറ്റർ, വെന്റിലേറ്റർ സംവിധാനങ്ങൾ ഉൾപ്പടെ അത്യാധുനിക സംവിധാനങ്ങളിളോടെ സജ്ജമാക്കിയ ഈ ആംബുലൻസിലും വൈദ്യസഹായം നൽകാൻ ഒരു എമർജൻസി മെഡിക്കൽ ടെക്നീഷ്യന്റെ സേവനം ലഭ്യമാണ്.

# വിദേശ ചലച്ചിത്ര നിർമ്മാണത്തിനുള്ള കിഴിവ് 40% ആയി ഉയർത്തും: കേന്ദ്ര മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ

## 54ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഗോവയിൽ തുടക്കമായി

**ഗോവ:** രാജ്യത്ത് നിർമ്മിക്കുന്ന വിദേശ ചലച്ചിത്രങ്ങൾക്ക് നൽകുന്ന കിഴിവ്, അവയുടെ ചെലവിന്റെ 40 ശതമാനമായി വർദ്ധിപ്പിക്കുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി ശ്രീ അനുരാഗ് സിംഗ് ഠാക്കൂർ പറഞ്ഞു. ഈ തുകയുടെ പരിധി വർധിപ്പിച്ചു 30 കോടി രൂപയാക്കുകയും (3.5 ദശലക്ഷം യുഎസ് ഡോളറിൽ കൂടുതൽ) ഇവയിലെ പ്രാപ്പെട്ട ഇന്ത്യൻ ഉള്ളടക്കത്തിന് അധികമായി 5% ബോണസ് അനുവദിക്കുകയും ചെയ്യും. ഗോവയിലെ പനാജിയിൽ നടക്കുന്ന 54ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയുടെ വിശാലമായ സാധ്യതകൾ കണക്കിലെടുത്ത് ഇടത്തരം, വലിയ ബജറ്റ് അന്താരാഷ്ട്ര പദ്ധതികൾ രാജ്യത്തേക്ക് ആകർഷിക്കാൻ ഉയർന്ന പ്രോത്സാഹനം ആവശ്യമാണെന്ന് ശ്രീ ഠാക്കൂർ പറഞ്ഞു.

നാളത്തെ 75 സർഗാത്മക പ്രതിഭകൾ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട യുവാക്കളുടെ റിക്രൂട്ട്മെന്റ് യജ്ഞവും മന്ത്രി പ്രഖ്യാപിച്ചു. ഈ പദ്ധതി യുവാക്കളുടെ കഴിവുകൾക്കും കരിയറിനും അനന്തമായ അവസരങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുന്നു. ഈ വർഷം, 10 വിഭാഗങ്ങളിലായി ലഭിച്ച 600 ഓളം എൻട്രികളിൽ നിന്ന്, ബിഷ്ണുപൂർ, ജഗത്സിംഗ്പൂർ, സദർപൂർ തുടങ്ങിയ വിദൂര പ്രദേശങ്ങൾ ഉൾപ്പെടെ 19 സംസ്ഥാനങ്ങളിൽ നിന്ന് 75 യുവ ചലച്ചിത്ര പ്രവർത്തകരെ തിരഞ്ഞെടുത്തതായി മന്ത്രി കൂട്ടിച്ചേർത്തു.

ഐഎഫ്എഫ്ഐയുടെ ഈ പതിപ്പിൽ മികച്ച വെബ് സീരീസിനായി പുതുതായി അവതരിപ്പിച്ചിട്ടുള്ള അവാർഡുകൾ നൽകുമെന്നും മന്ത്രി പ്രഖ്യാപിച്ചു. സിനിമാ ലോകത്തെ ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങൾ പ്രദർശിപ്പിക്കുന്നതിനായി നന്നായി ക്യൂറേറ്റ് ചെയ്ത വിഎഫ്എക്സ് & ടെക് പവലിയൻ അവതരിപ്പിച്ചുകൊണ്ട് ഐഎഫ്എഫ്ഐ ആദ്യമായി ഫിലിം ബസാറിന്റെ വ്യാപ്തി വർദ്ധിപ്പിച്ചതായി ശ്രീ അനുരാഗ് ഠാക്കൂർ പറഞ്ഞു. കോ പ്രൊഡക്ഷൻ മാർക്കറ്റിൽ നോൺ ഫിക്ഷൻ കഥപറച്ചിലിനെ പിന്തുണയ്ക്കാൻ ഒരു ഡോക്യുമെന്ററി വിഭാഗവും ആരംഭിച്ചിട്ടുണ്ട്.

ഈ വർഷത്തെ ഐഎഫ്എഫ്ഐയിൽ ശ്രദ്ധേയരായ 40 വനിതാ സംവിധായകരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുമെന്ന് ശ്രീ ഠാക്കൂർ പറഞ്ഞു. ചലച്ചിത്രോത്സവത്തിന്റെ എല്ലാ വേദികളിലും ഭിന്നശേഷിക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യവും ഒരുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ദൃശ്യ, ശ്രവണ വെല്ലുവിളികൾ നേരിടുന്ന പ്രതിനിധികൾക്കായി ഓഡിയോ വിവരണങ്ങളും ആംഗ്യ ഭാഷാ വ്യവസ്ഥകളും ഉൾച്ചേർത്ത നാല് അധിക പ്രത്യേക പ്രദർശനങ്ങൾ ഉണ്ടായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2023 ലെ അഭിമാനകരമായ സത്യജിത് റേ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ചതിന് ഹോളിവുഡ് നടനും നിർമ്മാതാവുമായ മൈക്കൽ ഡഗ്ലസിനെ ശ്രീ അനുരാഗ് സിംഗ് ഠാക്കൂർ അഭിനന്ദിച്ചു. മികച്ച വെബ് സീരീസ്, ഇന്ത്യൻ പനോരമ, നാളത്തെ 75 സർഗാത്മക പ്രതിഭകൾ, അന്താരാഷ്ട്ര മത്സരങ്ങൾ എന്നിവയുടെ ജൂറിക്ക് അദ്ദേഹം ഹൃദയംഗമമായ നന്ദിയും അറിയിച്ചു.

ഇതിഹാസ നടി മാധുരി ദീക്ഷിതിന് ഭാരതീയ സിനിമയ്ക്ക് നൽകിയ സംഭാവനയ്ക്കുള്ള പ്രത്യേക അംഗീകാരവും നൽകി ചടങ്ങിൽ ആദരിച്ചു.

# ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ വജ്ര ജൂബിലി വാർഷിക സമ്മേളനത്തിന് കുസാറ്റ് വേദിയാകുന്നു

**കൊച്ചി:** ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ അറുപതാം വാർഷിക സമ്മേളനം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ഭൗമശാസ്ത്ര വകുപ്പിന്റെ നേതൃത്വത്തിൽ സകൂൾ ഓഫ് മറൈൻ സയൻസിൽ നവംബർ 22 മുതൽ 24 വരെ നടക്കും. സമ്മേളനത്തിന്റെ ഭാഗമായ വിവിധ പരിപാടികളിലും ചർച്ചകളിലും ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള ആയിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കും.

നവംബർ 22നു രാവിലെ 9.30 ന് ആരംഭിക്കുന്ന ചടങ്ങിൽ ഭാരത സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ മുൻ സെക്രട്ടറിയും ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ പ്രസിഡന്റുമായ ഡോ. ശൈലേഷ് നായിക്ക് അദ്ധ്യക്ഷനാകും. ഇന്ത്യൻ ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ ആദ്യത്തെ വനിത ഡയറക്ടർ കൂടിയായ ഡോ. എൻ. കലൈ സെൽവി സമ്മേളനം ഉദ്ഘാടനം ചെയ്യും. ഭൗമഗവേഷണത്തിലെ ശ്രേഷ്ഠസംഭാവനയ്ക്കുള്ള വിവിധ അവാർഡുകൾ വിതരണം ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് നടക്കും.

ഭൗമശാസ്ത്ര പഠന ഗവേഷണത്തിൽ, പ്രത്യേകിച്ച്, സമുദ്രശാസ്ത്രപഠന മേഖലയിൽ രാജ്യാന്തരതലത്തിൽ തന്നെ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ കുസാറ്റിൽ ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ വാർഷിക സമ്മേളനത്തിന് 22 വർഷങ്ങൾക്ക് ശേഷം രണ്ടാം തവണയാണ് വേദിയൊരുങ്ങുന്നത്. ഇന്ത്യയിലെ ഭൗമശാസ്ത്ര പഠനമേഖല സമൂല പരിവർത്തനത്തിന് വിധേയമാവുന്ന ഘട്ടത്തിൽ ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ വജ്രജൂബിലി വാർഷിക സമ്മേളനത്തിന് കേരളവും കുസാറ്റും വേദിയൊരുക്കുന്നത് അഭിമാനകരമായ ചുവടുവെയ്പ്പാണ്. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ശാസ്ത്രസമ്മേളനത്തിൽ ഭൗമശാസ്ത്രമേഖലയിലെ ഏറ്റവും പുതിയ ഗവേഷണ പ്രവർത്തനങ്ങളും മുന്നേറ്റങ്ങളും ഭാവി പ്രവർത്തനങ്ങളും സജീവചർച്ചയാവും. ഇന്ത്യയിലെ എല്ലാ പ്രമുഖ ഗവേഷണസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖ ശാസ്ത്രകാരന്മാരോടും മുതിർന്ന അദ്ധ്യാപകരോടും വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരമുണ്ടാകും.

# ബാങ്ക് ഓഫ് ബറോഡ 'ബറോഡ കിസാൻ പഖ്വാഡ'യുടെ ആറാമത് എഡിഷൻ ഉദ്ഘാടനം ചെയ്തു

**മുംബൈ:** മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ, കർഷകർക്കായുള്ള വാർഷിക ഔട്ട്റീച്ച് പ്രോഗ്രാം ബറോഡ 'കിസാൻ പഖ്വാഡ'യുടെ ആറാമത് എഡിഷൻ ഉദ്ഘാടനം ചെയ്തു. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പ്രോഗ്രാം നവംബർ 30ന് ബറോഡ കിസാൻ ദിവസ് ആഘോഷത്തോടെ അവസാനിക്കും.

രണ്ടാഴ്ച നീണ്ടുനിൽക്കുന്ന അഗ്രി ഫെസ്റ്റിവലിൽ, രാജ്യത്തെമ്പാടുമുള്ള ബാങ്കിന്റെ അർദ്ധഅർബൻ, റൂറൽ, തിരഞ്ഞെടുത്ത മെട്രോ, അർബൻ ശാഖകൾ സജീവമായി പങ്കെടുക്കും. ബറോഡ കിസാൻ പഖ്വാഡയുടെ ഭാഗമായി നിരവധി ഔട്ട്റീച്ച് പരിപാടികളിലൂടെ 4 ലക്ഷം കർഷകരിലേക്കെത്താനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. 'ഘർഘർ കെസിസി അഭിയാൻ' എന്ന പേരിൽ കിസാൻ ക്രെഡിറ്റ് കാർഡ് ഡ്രൈവ് പോലുള്ള വിവിധ സംരംഭങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും കാർഷിക ഉൽപ്പന്നങ്ങൾ, പദ്ധതികൾ/ഓഫറുകൾ, ഡെലിവറി ചാനലുകൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യും.

അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എഐഎഫ്), മൃഗസംരക്ഷണ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (എഎച്ച്ഐഡിഎഫ്), പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (പിഎംഎംഎസ്വൈ), പ്രധാനമന്ത്രി മൈക്രോ ഫുഡ്പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം തുടങ്ങിയ ഇന്ത്യാ ഗവൺമെന്റ് അവതരിപ്പിച്ച വിവിധ ആത്മനിർഭർ ഭാരത് പദ്ധതികളും പ്രോത്സാഹിപ്പിക്കും.

കർഷക സംഗമങ്ങൾ, ചൗപാലുകൾ, കിസാൻ മേളകൾ, മണ്ണ്, മൃഗങ്ങൾ, കർഷകർ എന്നിവർക്കായി ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കും. കൂടാതെ പങ്കാളികൾക്ക് സാമ്പത്തിക സാക്ഷരതയെയും സൈബർ തട്ടിപ്പുകളെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും ഈ അവസരം ഉപയോഗിക്കും.

2023 സെപ്റ്റംബർ 30 വരെ ബാങ്ക് ഓഫ് ബറോഡ കാർഷിക മേഖലയ്ക്ക് നൽകിയ വായ്പ 1,30,694 കോടി രൂപയാണ്, ഇത് 13.7% വാർഷിക വളർച്ച രേഖപ്പെടുത്തുന്നു.

# ആന്റിബയോട്ടിക് അവബോധ വാരാചരണം തുടങ്ങി

**ഇടുക്കി:** സംസ്ഥാന ആരോഗ്യവകുപ്പ് സംഘടിപ്പിക്കുന്ന ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് ബോധവത്ക്കരണ വാരാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ദേവിയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അടിമാലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിൽ ഉദ്ഘാടനം ചെയ്തു. ആന്റിബയോട്ടിക് മരുന്നുകളുടെ അമിതോപയോഗം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഏകാരോഗ്യം ജില്ലാ നോഡൽ ഓഫീസർ ഡോ. ഹരിപ്രസാദ് ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ജില്ലാ മാസ് മീഡിയ ഓഫീസർ തങ്കച്ചൻ ആന്റണി, ഡെപ്യൂട്ടി ജില്ലാ മാസ് മീഡിയ ഓഫീസർ ജോസ് അഗസ്റ്റിൻ, ഏകാരോഗ്യം ജില്ലാ മെന്റർ കെ.എൻ രാധാകൃഷ്ണൻ, കെ.എസ്.എസ്.പി.യു യൂണിറ്റ് സെക്രട്ടറി വീരമണി, ഹെൽത്ത് ഇൻസ്പെക്ടർ ഡി .സുരേഷ് എന്നിവർ പങ്കെടുത്തു. വാരാചരണത്തിന്റെ ഭാഗമായി ജില്ലയുടെ വിവിധ മേഖലകളിൽ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളുടെ നേതൃത്വത്തിൽ ബോധവത്ക്കരണം നടത്തുമെന്ന് ജില്ലാ നോഡൽ ഓഫീസർ അറിയിച്ചു.



# സഹകരണ മേഖല സാധാരണക്കാരുടെ ആശ്രയകേന്ദ്രങ്ങൾ: ഡെപ്യൂട്ടി സ്പീക്കർ

**പത്തനംതിട്ട:** കേരളത്തിലെ സഹകരണ മേഖല സാധാരണക്കാരുടെ ആശ്രയകേന്ദ്രങ്ങളാണെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. അഖിലേന്ത്യ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി പറക്കോട് ഗ്രീൻവാലി മിനി ഓഡിറ്റോറിയത്തിൽ നടന്ന അടൂർ താലൂക്ക്തല സഹകരണ വരാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡെപ്യൂട്ടി സ്പീക്കർ. സഹകരണ മേഖലയിലൂടെ ലഭിക്കുന്ന നിക്ഷേപങ്ങൾ അതാത് പ്രദേശത്ത് വായ്പയായി നൽകുന്നതിലൂടെ സാധാരണക്കാരായ ജനങ്ങളുടെ ആശ്രയമേഖലയായി സഹകരണ സ്ഥാപനങ്ങൾ മാറിയതായും അദ്ദേഹം പറഞ്ഞു.

ഗ്രീൻ വാലി മിനി ഓഡിറ്റോറിയത്തിൽ നടക്കുന്ന വാരാഘോഷം 20ന് സമാപിക്കും. മത്സര വിജയികൾക്കുള്ള സമ്മാനദാനം അടൂർ നഗരസഭ ചെയർപേഴ്സൺ ദിവ്യ റെജി മുഹമ്മദ് നിർവഹിച്ചു.സഹകരണ മേഖല പ്രതിസന്ധികളും പരിഹാരമാർഗങ്ങളും എന്ന വിഷയത്തിൽ കണ്ണൂർ ഐ സി എം ഡയറക്ടർ വി എൻ ബാബു ക്ലാസ് നയിച്ചു.

സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ പി ബി ഹർഷകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജി സജീവ്കുമാർ, കെ അനിൽ, റ്റി ഡി ബൈജു, അഡ്വ എസ് മനോജ്, ഡി സജി, ഏഴംകുളം നൗഷാദ്, മുണ്ടപ്പള്ളി തോമസ്, ആർ സുരേഷ്, ജോസ് കളിക്കൽ ,സുരേഷ് ബാബു, ജി മോഹനേന്ദ്ര കുറുപ്പ്, പി രവീന്ദ്രൻ, ജെ ശൈലേന്ദ്രനാഥ്, കെ കെ അശോക് കുമാർ, ബേബി ജോർജ്, സി രാധാകൃഷ്ണൻ, പി ശേഖർ, ബാബു ജോൺ, ജി കൃഷ്ണകുമാർ, സുദർശനൻ കെ എൻ, എൻ എം മോഹനകുമാർ, റോയി ഫിലിപ്പ്,കെ പത്മിനിയമ്മ, റ്റി ഡി സജി, നെല്ലിക്കുന്നിൽ സുമേഷ്, അനൂപ് പി ഉമ്മൻ, കെ ജി വാസുദേവൻ തുടങ്ങിയവർ പങ്കെടുത്തു.

# ഉന്നത വിദ്യാഭ്യാസത്തിന് ഓ.ഇ.സി. ഗ്രാന്റ്

**പാലക്കാട്:** സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം ഐ.ഐ.ടി., ഐ.ഐ.എം., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ് / റിസർവേഷൻ പ്രകാരം ലഭിച്ച് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന ഓ.ഇ.സി., ഓ.ബി.സി. (എച്ച്) എന്നീ വിഭാഗങ്ങളിൽപെട്ട വിദ്യാർഥികളിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ www.bcdd.kerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണെന്ന് മേഖല ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അവസാന തിയ്യതി ഡിസംബർ 15. ഫോൺ: 0491 2505663.



# വെച്ചൂർ മില്ലിൽ നെല്ലുസംഭരണം നിർത്തി

**കോട്ടയം:** നെൽകർഷകർക്ക് വീണ്ടും തിരിച്ചടി. ഓയിൽ പാം ലിമിറ്റഡിൻറെ വെച്ചൂർ മോഡേൺ മില്ലിൽ നെല്ല് സംഭരണം നിലച്ചു. ഫണ്ട് തീർന്നതിനാൽ തത്കാലം സംഭരണം വേണ്ടെന്നു തീരുമാനിച്ചതോടെ സ്വകാര്യ മില്ലുകാർ കൂടുതൽ കിഴിവ് ആവശ്യപ്പെട്ടു തുടങ്ങി.

അപ്പർ കുട്ടനാട്ടിൽ വിളയുന്ന നെല്ല് പൂർണമായി ഏറ്റെടുക്കാനുള്ള ലക്ഷ്യത്തോടെ വെച്ചൂരിൽ തുടങ്ങിയ മില്ല് പരിമിതികളിൽ വീർപ്പുമുട്ടുകയാണ്. കുട്ടനാട് പാക്കേജ് ഫണ്ട് ഉൾപ്പെടെ വിനിയോഗിച്ച് നിർമാണം നടത്തിയ മില്ലിൽ നെല്ല് സൂക്ഷിക്കാനുള്ള സൈലേജ് സംവിധാനവുമുണ്ട്. രണ്ട് സൈലേജുകൾ കൂടി പണിയാൻ സൗകര്യമുണ്ടായിട്ടും വെച്ചൂർ മോഡേൺ മില്ല് കർഷകർക്ക് കരുതലായില്ല.

ചില വർഷങ്ങളിൽ ഇവിടെ നെല്ലു സംഭരണം നടന്നതുമില്ല. അപ്പർ കുട്ടനാട്ടിലെ നെല്ല് സംഭരിച്ച് കുത്തി വെച്ചൂർ ബ്രാൻഡ് അരിയാക്കി വിൽക്കുന്ന സംരംഭമാണിത്. കുട്ടനാട്ടിലെ മികച്ചയിനം അരിക്ക് ഡിമാൻഡ് ഏറെയാണെങ്കിലും ഇവിടെ അരി ഉത്പാദനം പരിമിതമാണ്.

വെച്ചൂരിൽ ശനിയാഴ്ച നെല്ല് സംഭരണം നിലച്ചതോടെ മൂന്നു സ്വകാര്യ മില്ലുകളെ ആശ്രയിച്ചാണ് വിരിപ്പ് നെല്ലിൻറെ വിൽപന. നിലവിലുള്ള അഞ്ചു കിലോ കിഴിവ് ഈർപ്പം കൂടി എന്നതിൻറെ പേരിൽ ആറു കിലോയാക്കാനാണ് മില്ലുകളുടെ നീക്കം. മാത്രവുമല്ല ഈ മില്ലുകാർ പിൻവാങ്ങിയാൽ കർഷകർ കൊയ്ത്ത് ഉപേക്ഷിക്കേണ്ടിവരും. കൊയ്ത്തിൻറെ ആദ്യഘട്ടത്തിൽ പിആർഎസ് നൽകിയവർക്ക് ബാങ്കുകളിൽനിന്ന് ലോൺ ലഭിച്ചുതുടങ്ങി. സർക്കാർ സപ്ലൈകോയ്ക്ക് പണം അനുവദിക്കാത്ത സാഹചര്യത്തിൽ നിലവിൽ കർഷകർ ബാങ്കുകളിലെ ബാധ്യതക്കാർത്തന്നെയാണ്.

# സാന്തോം സ്പെഷൽ സ്കൂളിൽ വണ്ടർ പാർക്ക് തുറന്നു

**കൊടുങ്ങല്ലൂർ:** സാന്തോം സ്പെഷൽ സ്കൂളിൽ 2022 ൽ ആരംഭം കുറിച്ച സാമൂഹിക സാംസ്കാരിക മത കൂട്ടായ്മയായ ഒരുമ വാർഷികവും പുതുതായി ആരംഭിച്ച വണ്ടർ പാർക്കും ബിഷപ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. അഡ്വ.വി.ആർ.സുനിൽകുമാർ എം എൽഎ അധ്യക്ഷനായി.



ഇ.ടി. ടൈസൻ എംഎൽഎ, പ്രശസ്ത സംഗീത സംവിധായകൻ സിബി മാത്യു എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. നഗരസഭ ചെയർപേഴ്സൻ ടി.കെ. ഗീത, കൗൺസിലർമാരായ കെ.എസ്.ശിവറാം, രവീന്ദ്രൻ നടുമുറി, വി.എം. ജോണി, ഡിവൈഎസ്പി സലീഷ്, മേത്തല ഹെൽത്ത് ഇൻസ്പെക്ടർ സുരേഷ് കുമാർ, ചേരമാൻ മസ്ജിദ് ഇമാം ഡോ. സലിംനദവി, എടമുക്ക് ജുമാ മസ്ജിദ് ഇമാം ഉസ്മാൻ സഖാഫി, ശ്രീകുരുംബ ഭഗവതി ക്ഷേത്രം വെളിച്ചപ്പാട് ഗിരീഷ് ഭഗവതി, ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ ഫാ. ജോസ് മഞ്ഞളി, ആശാനിലയം പ്രിൻസിപ്പൽ സിസ്റ്റർ ഡോണ, അഴീക്കോട് സെൻറ് തോമസ് ചർച്ച് പ്രിയോർ ഫാ. സണ്ണി, അഴീക്കോട് സെൻറ് തോമസ് ലാറ്റിൻ വികാരി ഫാ. ഷൈജു കുരിശിങ്കൽ, കോട്ടപ്പുറം സെൻറ് മൈക്കിൾ കത്തീഡ്രൽ ചർച്ച് വികാരി ഫാ. ജാക്സൺ എന്നിവർ സംസാരിച്ചു. ഫാ. ജോമിൻ ചെരടായി സ്വാഗതവും പ്രിൻസിപ്പൽ സിസ്റ്റർ ആശ നന്ദിയും പറഞ്ഞു.

തുടർന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും ജീവനക്കാരും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികളും അരങ്ങേറി.

# കല്യാൺ ജൂവലേഴ്സ് സെൻഹർ ആഭരണശേഖരം അവതരിപ്പിച്ചു



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വിശ്വാസ്യതയാർന്ന ആഭരണ ബ്രാൻഡുകളിലൊന്നായ കല്യാൺ ജൂവലേഴ്സ് പുരുഷന്മാർക്കുള്ള ആഭരണശേഖരമായ സെൻഹർ പുറത്തിറക്കി.

കമ്പനിയുടെ ബ്രാൻഡ് അംബാസിഡർ അമിതാഭ് ബച്ചൻ പുതിയ ആഭരണനിരയിലെ വൈശിഷ്ട്യമാർന്ന ആഭരണങ്ങൾ അണിഞ്ഞ് പ്രത്യേകമായ അവതാറിലൂടെ സെൻഹർ ആഭരണശേഖരത്തിൻറെ പ്രചാരണത്തിന് തുടക്കം കുറിച്ചു.കുലീനൻ എന്നർത്ഥം വരുന്ന പോർട്ടുഗീസ് പേരായ സെൻഹറിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുരുഷന്മാർക്കായുള്ള പുതിയ ആഭരണശേഖരം ഒരുക്കിയിരിക്കുന്നത്.

ആധുനിക പുരുഷന്മാർക്ക് ചേരുന്ന രീതിയിൽ നവീനമായ ശൈലിയും പൗരാണിക രൂപകൽപ്പനയും ഇണക്കിച്ചേർത്താണ് സവിശേഷമായതും അർത്ഥവത്തായതുമായ ഈ ആഭരണശേഖരമൊരുക്കിയിരിക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. പുതിയ സെൻഹർ ശേഖരത്തിലൂടെ കല്യാൺ ജൂവലേഴ്സ് ആധുനിക ജീവിതശൈലിക്ക് ചേരുന്ന രീതിയിൽ താങ്ങാനാവുന്ന വിലയിൽ നിത്യവും അണിയാനുള്ള ആഭരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പുരുഷ്ാർക്കായുള്ള ആഭരണങ്ങളുടെ കാര്യത്തിൽ വളർന്നുവരുന്ന താത്പര്യങ്ങൾക്ക് അനുസരിച്ച് ഈ വിവാഹ സീസണിൽ വരന്മാർക്ക് സമ്മാനമായി നല്കുന്നതിനുള്ള ആഭരണങ്ങൾ ഒരുക്കുന്നതിനാണ് കല്യാൺ ജൂവലേഴ്സ് പ്രാധാന്യം നല്കുന്നത്. പുരുഷന്മാർക്കുള്ള ആഭരണനിരയിൽ മികച്ച വളർച്ച നേടുമെന്നാണ് കമ്പനിയുടെ പ്രതീക്ഷ സെൻഹർ ശേഖരത്തിലെ ഓരോ രൂപകൽപ്പനയും വീര്യംനിറഞ്ഞ ആധുനിക പുരുഷൻറെ സവിശേഷമായ ശൈലിക്കും ചൈതന്യത്തിനും അനുയോജ്യമായവയാണ്. രൂപകൽപ്പനയിലും ഗുണമേന്മയിലും വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയിലൂടെ എന്നെന്നും നിലനിൽക്കുന്ന ആഭരണങ്ങളാണ് ഉപയോക്താക്കൾക്കായി ഒരുക്കുന്നത്. മികവിൻറെയും പൗരുഷത്തിൻറെയും കഥകളാണ് ഈ ശേഖരത്തിലെ ഓരോ ആഭരണത്തിനും പറയാനുള്ളതെന്ന് ടി.എസ്. കല്യാണരാമൻ ചൂണ്ടിക്കാട്ടി.ബ്രാൻഡിനെക്കുറിച്ചും ആഭരണശേഖരത്തെക്കുറിച്ചും ഓഫറുകളെക്കുറിച്ചും കൂടുതൽ അറിയാൻ www.kalyan-jew-ellers.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




## മുത്തൂറ്റ് ഫിനാൻസ്ഫിക്കി കോർപ്പറേറ്റ് സ്പോർട്സ്: മുത്തൂറ്റ് മൈക്രോഫിൻ ഫുട്ബോൾ ചാമ്പ്യൻമാർ

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ്ഫിക്കി കോർപ്പറേറ്റ് സ്പോർട്സ് ചാമ്പ്യൻഷിപ്പ് 2023ന്റെ ഭാഗമായി നടന്ന പുരുഷ സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ മുത്തൂറ്റ് മൈക്രോഫിൻ ജേതാക്കളായി. കൊച്ചിൻ സ്പോർട്സ് അരീനയിൽ നടന്ന ടൂർണമെന്റിന്റെ ഫൈനലിൽ എഫ്സിഐ ഒഇഎൻ കണക്ടേഴ്സിനെ പെനാൽറ്റി ഷൂട്ടൗട്ടിലാണ് (53) മുത്തൂറ്റ് ടീം തോൽപ്പിച്ചത്.

കിംസ് ഹെൽത്ത്, വിഗാർഡ് ഇൻഡസ്ട്രീസ്, മുത്തൂറ്റ് ഫിനാൻസ്, ഡിപി വേൾഡ്, ടിസിഎസ് കൊച്ചി, ലുലു ഗ്രൂപ്പ് എന്നിവയുൾപ്പെടെ മൊത്തം എട്ട് കോർപ്പറേറ്റ് ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു. 250ലധികം പേർ മത്സരത്തിന്റെ ഭാഗമായി. മുത്തൂറ്റ് വെഹിക്കിൾ ആൻഡ് അസറ്റ് ഫിനാൻസ് ലിമിറ്റഡിലെ സെയിൽസ് സീനിയർ എക്സിക്യൂട്ടീവ് സഹീർ, ഏറ്റവും കൂടുതൽ സ്കോർ നേടി. മുത്തൂറ്റ് വെഹിക്കിൾ ആൻഡ് അസറ്റ് ഫിനാൻസ് ലിമിറ്റഡ് സീനിയർ അക്കൗണ്ട്സ് എക്സിക്യൂട്ടീവ് മുകിൽ ചന്ദ്രൻ മികച്ച ഗോൾകീപ്പറായും തിരഞ്ഞെടുക്കപ്പെട്ടു. ടൂർണമെന്റിലെ വിജയികൾക്ക് 50,000 രൂപയും, റണ്ണേഴ്സ്അപ്പിന് 20,000 രൂപയും സമ്മാനമായി ലഭിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

BLUE DART DHL

# ഇന്ത്യ പോസ്റ്റും ബ്ലൂ ഡാർട്ട് എക്സ്പ്രസും കൈകോർക്കുന്നു

**മുംബൈ:** ദക്ഷിണേഷ്യയിലെ മുൻനിര എക്സ്പ്രസ് എയർ, ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ, ഡിസ്ട്രിബ്യൂഷൻ ലോജിസ്റ്റിക്സ് കമ്പനിയായ ബ്ലൂ ഡാർട്ട് എക്സ്പ്രസ് ലിമിറ്റഡ് ഇന്ത്യ പോസ്റ്റുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ സഹകരണത്തോടെ, തിരഞ്ഞെടുത്ത പോസ്റ്റ് ഓഫീസുകളിൽ ബ്ലൂ ഡാർട്ട് ഓട്ടോമേറ്റഡ് ഡിജിറ്റൽ പാർസൽ ലോക്കറുകൾ അവതരിപ്പിക്കുകയും, ഉപഭോക്താക്കൾക്ക് അധിക ഡെലിവറി രീതിയും വാഗ്ദാനം ചെയ്യുന്നു.

വ്യക്തിഗത രസീതുകളുടെ ആവശ്യകത ഒഴിവാക്കി സ്വീകർത്താക്കൾക്കു ഡിജിറ്റൽ പാഴ്സൽ ലോക്കറുകളിൽ നിന്ന് ഷിപ്പ്മെന്റുകൾ സൗകര്യപ്രദമായി വീണ്ടെടുക്കാൻ ഈ നവീകരണം സഹായിക്കും. ഈ ഡിജിറ്റൽ പാർസൽ ലോക്കറുകൾ അവരുടെ ഉള്ളടക്കങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതോടൊപ്പം എളുപ്പത്തിൽ ആക്സസ് ചെയ്യാനും സൗകര്യമൊരുക്കുന്നു. സ്വീകർത്താവിന് ലോക്കറിൽ നിന്ന് ഒരു പാക്കേജ് വീണ്ടെടുക്കേണ്ടിവരുമ്പോൾ, നിയുക്ത കോഡ് നൽകി ലോക്കർ തുറക്കാൻ കഴിയും.

കൂടാതെ, ഡെലിവറികൾ എപ്പോൾ വേണമെങ്കിലും കൈപ്പറ്റാം. മാത്രമല്ല അംഗീകൃത വ്യക്തികൾക്ക് മാത്രമേ പാക്കേജുകൾ ആക്സസ് ചെയ്യാൻ കഴിയൂ.

ബ്ലൂ ഡാർട്ട് ഈ സംരംഭത്തിന് ശക്തി പകരാൻ ലാസ്റ്റ് മൈൽ ടെക്നോളജിയും പാഴ്സൽ ലോക്കർ കമ്പനിയുമായ പോഡ്രോൺസുമായി സഹകരിക്കുന്നു.